Draft #2 of File 58198/AC A7-3/2026/VC SECTION Approved by DEPUTY REGISTRAR I (ACADEMIC) on 11-Aug-2026 04:02 PM - Page 1

**മഹാത്മാഗാന്ധി സർവകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ - 2026-2027 അധ്യയന വർഷം Indira Gandhi College of Arts & Science, Nellikuzhy കോളേജിന് BSc Forensic Science പ്രോഗ്രാം അനുവദിക്കുന്നത് പുനഃ പരിശോധിക്കുന്നത് സംബന്ധിച്ച സമർപ്പിച്ച അപേക്ഷ - സർക്കാർ അനുമതിയ്ക്ക് വിധേയമായി അനുവദിക്കുന്നത് തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 7 സെക്ഷൻ**

നമ്പർ. 7641/AC A 7/2026/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 11.08.2026

---

*പരാമർശം:*-1) 2026 -2027 അധ്യയന വർഷം പുതിയ പ്രോഗ്രാമുകൾ/ധിക ബാച്ചുകൾ/സ്ഥിരമായ സീറ്റ് വർദ്ധനവ് എന്നിവയ്ക്കായി വിവിധ കോളേജുകൾ സമർപ്പിച്ച അപേക്ഷ.

2) സർവകലാശാല ഉത്തരവ് നമ്പർ.973/ACA7/2026 /MGU, തീയതി. 28.01.2026

3)സർവകലാശാല ഉത്തരവ് നമ്പർ 7046/AC A7/2026/MGU, തീയ്യതി 18.07.2026

4)ഇന്ദിര ഗാന്ധി കോളേജ് സമർപ്പിച്ച അപേക്ഷ

5) 2026 -2027 അധ്യയന വർഷം Indira Gandhi College of Arts & Science, Nellikuzhy കോളേജിന്റെ Forensic Science(UG ) പ്രോഗ്രാം ആരംഭിക്കുന്നതിനുള്ള പുനഃ പരിശോധന അപേക്ഷ സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി ഓൺ അഫിലിയേഷന്റെ ശിപാർശയിന്മേൽ ബഹു. വൈസ് ചാൻസിലറുടെ മഹാത്മാ ഗാന്ധി സർവകലാശാല ആക്ട് 1985 അധ്യായം 3 വകുപ്പ് 10 (17) പ്രകാരമുള്ള 11.08.2026 തീയതിയിലെ ഉത്തരവ്.

**<u>ഉത്തരവ്</u>**

2026-2027 അധ്യയന വർഷം മുതൽ പുതിയ പ്രോഗ്രാമുകൾ / അധിക ബാച്ചുകൾ / സ്ഥിരമായ സീറ്റ് വർദ്ധനവ് എന്നിവ അനുവദിക്കുന്നതിനായി വിവിധ കോളേജുകൾ പരാമർശം (1) പ്രകാരം അപേക്ഷകൾ സമർപ്പിച്ചിരുന്നു.

പ്രസ്തുത അപേക്ഷകൾ പരിഗണിച്ച്, പുതിയ പ്രോഗ്രാമുകൾ / അധിക ബാച്ചുകൾ / സ്ഥിരമായ സീറ്റ് വർദ്ധനവ് എന്നിവ ആരംഭിക്കുന്നതിനാവശ്യമായ പഠന-ഭൗതിക സാഹചര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പരിശോധനാ സമിതികളെ നിയമിച്ചുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ടി. പരിശോധനാ സമിതികൾ സമർപ്പിച്ച റിപ്പോർട്ടുകൾ പരിഗണിച്ച്, പുതിയ പ്രോഗ്രാമുകൾ / അധിക ബാച്ചുകൾ / സ്ഥിരമായ സീറ്റ് വർദ്ധനവ് എന്നിവ സർക്കാർ അനുമതിക്ക് വിധേയമായും, ടി. പട്ടികയിൽ ഉൾപ്പെട്ട BCA, BBA, MCA, MBA പ്രോഗ്രാമുകൾ AICTE-യുടെ

അംഗീകാരത്തിന് വിധേയമായും, 2026-2027 അധ്യയന വർഷം മുതൽ അനുവദിച്ചുകൊണ്ട് സർവകലാശാല പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

തുടർന്ന്, പരാമർശം (4) പ്രകാരം, Indira Gandhi College of Arts and Science, Nellikuzhy, Kothamangalam -കോളേജ് BSc (Hons) Forensic Science പ്രോഗ്രാം അനുവദിക്കാതിരുന്ന നടപടി പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിരുന്നു.

പ്രസ്തുത അപേക്ഷ പരിഗണിക്കുകയും ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുകയും ചെയ്തതിൽ നിന്നും, 19/06/2026-ന് ചേർന്ന SSC on Affiliation യോഗം Inspection Commission-ന്റെ റിപ്പോർട്ടിലെ ശുപാർശകൾ അംഗീകരിക്കുകയും വിവിധ കോളേജുകൾക്കും പ്രോഗ്രാമുകൾക്കും അഫിലിയേഷൻ അനുവദിക്കുകയും ചെയ്തതായി കണ്ടെത്തുകയും , കൂടാതെ, 23/02/2026-ന് ചേർന്ന Inspection Commission, 2026-2027 അധ്യയന വർഷത്തേക്ക് Indira Gandhi College of Arts & Science, Nellikuzhy, Kothamangalam-ൽ 24 സീറ്റുകളുള്ള BSc (Hons) Forensic Science പ്രോഗ്രാം അനുവദിക്കുന്നതിന് ശുപാർശ ചെയ്തിരുന്നെന്നും എന്നാൽ, പ്രസ്തുത കോളേജിലെ BSc (Hons) Forensic Science പ്രോഗ്രാമുമായി ബന്ധപ്പെട്ട Inspection Commission-ന്റെ മേൽപ്പറഞ്ഞ ശുപാർശ Syndicate അംഗീകരിച്ച പട്ടികയിൽ ഉൾപ്പെടാതെ പോയതാണെന്നും മനസിലാക്കി .

തുടർന്ന്, പ്രസ്തുത കോളേജിന്റെ Inspection Committee റിപ്പോർട്ട് പരിഗണിച്ച്, 2026-2027 അധ്യയന വർഷത്തേക്ക് Indira Gandhi College of Arts & Science, Nellikuzhy, Kothamangalam-ൽ 24 സീറ്റുകളുള്ള BSc (Hons) Forensic Science പ്രോഗ്രാമിന് സർക്കാർ അനുമതിക്ക് വിധേയമായി അഫിലിയേഷൻ അനുവദിക്കുന്നതിന് 10.08.2026 ന കൂടിയ Syndicate Standing Committee on Affiliation ശുപാർശ ചെയ്തിരുന്നു.

പരാമർശം (5) പ്രകാരം, ടി. ശുപാർശ ബഹു. വൈസ് ചാൻസലർ 11.08.2026 തീയതിയിൽ മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985-ലെ അധ്യായം III, വകുപ്പ് 10(17) പ്രകാരം അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

| Name of the college | Programme | Intake |
|---|---|---|
| Indira Gandhi College of Arts & Science, Nellikuzhy, Kothamangalam | BSc (Hons) Forensic Science (New Program) | 24 |

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബിന്ദു ഡി ഭട്ട്

ഡപ്യൂട്ടി രജിസ്ട്രാർ 1 (അക്കാദമിക്)

Draft #2 of File 58198/AC A7-3/2026/VC SECTION Approved by DEPUTY REGISTRAR I (ACADEMIC) on 11-Aug-2026 04:02 PM - Page 2

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) പ്രിൻസിപ്പാൾ, ബന്ധപ്പെട്ട കോളേജുകൾ
2) വി.സി/പി.വി.സി എന്നിവരുടെ പി.എസ്-മാർ
3) രജിസ്ട്രാർ/സി.ഇ./എഫ്.ഒ. എന്നിവരുടെ പി.എ-മാർ
4) ജെ.ആർ 2(ഭരണം), ഡി.ആർ 1,എ.ആർ1 (അക്കാദമിക് വിഭാഗം)
5) എ.സി.സി1,എ.സി.സി2, എ.ഡി.ബി6, ഐ.ക്യൂ.എ.സി
6),പി.ആർ.ഒ, ആക്ഷൻ ടേക്കൻ റിപ്പോർട്ട്, സർവകലാശാല വെബ്സൈറ്റ്.
7) എൻക്വയറി, ഇ.എ1. ഇ .എ2, റെക്കോർഡ്സ്, ഐ.റ്റി സെൽ 2

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 58198/AC A7-3/2026/VC SECTION Approved by DEPUTY REGISTRAR I (ACADEMIC) on 11-Aug-2026 04:02 PM - Page 3

The document is digitally approved. Hence signature is not needed.